**പതിമൂന്നാം കേരള നിയമസഭ**
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3912 — 20.7.2015 -ൽ മറുപടിക്ക്

## ക്വാർട്ടേഴ്സ് നിർമ്മാണം

| ചോദ്യം<br>ശ്രീ. സി.എഫ്. തോമസ് | | ഉത്തരം<br>അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | ചങ്ങനാശ്ശേരി താലൂക്കിൽ തൃക്കൊടിത്താനം, കുറിച്ചി വില്ലേജ് ഓഫീസുകളുടെ കോമ്പൗണ്ടിൽ ക്വാർട്ടേഴ്സ് നിർമ്മിക്കുവാനുള്ള പദ്ധതിക്ക് അനുവാദം നൽകിയിട്ടുണ്ടോ: | (എ) ചങ്ങനാശ്ശേരി താലൂക്കിലെ തൃക്കൊടിത്താനം, കുറിച്ചി വില്ലേജ് ഓഫീസുകളുടെ കോമ്പൗണ്ടിൽ ക്വാർട്ടേഴ്സ് നിർമ്മിക്കുവാനുള്ള പദ്ധതിക്ക് 03.06.2014-ലെ സ.ഉ(സാധാ) നം.2413/2014/ആർ.ഡി പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ക്വാർട്ടേഴ്സ് നിർമ്മാണ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ; | (ബി) റസിഡൻഷ്യൽ ക്വാർട്ടേഴ്സ് പണിയുന്നതിന് പൊതുമരാമത്ത് വകുപ്പ് മുഖേന ടെണ്ടർ നടപടികൾ നടന്നു വരുന്നു. |
| (സി) | പ്രസ്തുത ക്വാർട്ടേഴ്സ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ടി പണികൾ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**